# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 07/ 03/ 2021


## മയക്കുമരുന്നുമായി യുവാക്കൾ പോലീസ് പിടിയിൽ

കൊല്ലം : നിരോധിത ഇനത്തിൽപ്പെട്ട 25000/- രൂപാ വിലവരുന്ന എം.ഡി.എം.എ എന്ന മയക്കു മരുന്നുമായി ശക്തികുളങ്ങര ഹാർബറിൽ നിന്നും യുവാക്കൾ പോലീസ് പിടിയിലായി. നിയമസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സുരക്ഷാ നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗ




മായി ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസ്സിന്റെ നിർദ്ദേശാനുസരണം ജില്ലാ ഡാൻസാഫ് ടീമും ശക്തികുളങ്ങര പോലീസും ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിലാണ് യുവാക്കൾ മയക്കുമരുന്നുമായി പിടിയിലായത്. ഇന്നലെ(07.03.2021) പുലർച്ചേ നടത്തിയ പരിശോധനയിൽ സംശയാസ്പദമായ സാഹചര്യത്തിൽ കണ്ട യുവാക്കളെ പരിശോധിച്ചതിനെ തുടർന്ന് ഇവരിൽ നിന്നും എം.ഡി. എം.എ കണ്ടെടുക്കുകയായിരുന്നു. വിൽപ്പനയ്ക്കായി ഗോവയിൽ നിന്നും എത്തിച്ച മയക്ക് മരു ന്നാണ് ഇതെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. ഈ മേഖലയിലെ മയക്ക് മരുന്ന് വ്യാപാരത്തിൽ കൂടുതൽ ആളുകൾക്ക് പങ്കുണ്ടോയെന്ന് പോലീസ് അന്വേഷിച്ച് വരുന്നു. ശക്തികുളങ്ങര കുറമളത്തോപ്പ് വീട്ടിൽ ബിനോയി ചാത്തന്നൂർ മാമ്പള്ളിക്കുന്ന് ജിജോ ജോർജ് ശക്തികുളങ്ങര ടോളിൽ വീട്ടിൽ ഗോസ്ഫ്രെ ജോസഫ് എന്നിവരാണ് പോലീസ് പിടി യിലായത്. റെയ്ഡിന് കൊല്ലം പോലീസ് അസിസ്റ്റന്റ് കമ്മീഷണർ അനിൽകുമാർ ആർ ന്റെ നേതൃത്വത്തിൽ ശക്തികുളങ്ങര ഇൻസ്പെക്ടർ ജോസ് എൻ.ആർ, സബ്ബ് ഇൻസ്പെക്ടർ ബിജു രാധാകൃഷ്ണൻ, ഡാൻസാഫ് സബ്ബ് ഇൻസ്പെക്ടർ ജയകുമാർ.ആർ, ഡാൻസാഫ് ടീം അംഗം മനു തുടങ്ങിയവർ പങ്കെടുത്തു. വരും ദിവസങ്ങളിലും റെയ്ഡ് തുടരുമെന്ന് ജില്ലാ പോലീസ് മേധാവി നാരായണൻ. റ്റി. ഐ.പി.എസ്സ് അറിയിച്ചു.